## നിത്യജീവന്റെ കൂട്ടായ്മയുടെ മർമം

**I. യോഹന്നാന്റെ ലേഖനങ്ങൾ (പ്രത്യേകിച്ച് ഒന്നാം ലേഖനം) നിത്യജീവന്റെ കൂട്ടായ്മയുടെ മർമം വെളിപ്പെടുത്തുന്നു**

- എല്ലാ വിശ്വാസികളിലും ഉള്ള നിത്യജീവന്റെ ഒഴുക്ക്, കർത്താവായ യേശുവിന്റെ ഒഴുക്കാണ് കൂട്ടായ്മ
- കൂട്ടായ്മ ഒഴുകുന്ന ത്രിയേക ദൈവമാണ്—പിതാവ് ജീവന്റെ ഉറവയാണ്, പുത്രൻ ജീവന്റെ പ്രവാഹമാണ്, ആത്മാവ് ജീവന്റെ നദിയാണ്;
- ത്രിയേക ദൈവം പകരപ്പെടുന്നതാണ് കൂട്ടായ്മ
- കൂട്ടായ്മ എന്നത് സ്വകാര്യ താൽപ്പര്യങ്ങൾ ഉപേക്ഷിച്ച് ഒരു പ്രത്യേക പൊതു ഉദ്ദേശ്യത്തിനായി മറ്റുള്ളവരോട് യോജിക്കുന്നതിനെയാണ് സൂചിപ്പിക്കുന്നത്;
- കൂട്ടായ്മ ഉപദേശത്തിൽനിന്നും വരുന്നു;
- 1 യോഹന്നാൻ ദിവ്യ കൂട്ടായ്മയുടെ തത്വങ്ങളെ വെളിപ്പെടുത്തുന്നു, 2 യോഹന്നാൻ ക്രിസ്തുവിനെ നിഷേധിക്കുന്നവരുമായി നമുക്ക് യാതൊരു കൂട്ടായ്മയും ഉണ്ടായിരിക്കരുതെന്ന് വെളിപ്പെടുത്തുന്നു, 3 യോഹന്നാൻ ദൈവത്തിന്റെ കുടുംബത്തിലെ ഏക കൂട്ടായ്മയിൽ നാം തുടരണമെന്ന് വെളിപ്പെടുത്തുന്നു.

## നിത്യജീവന്റെ കൂട്ടായ്മ എന്നത് ക്രിസ്തുവിന്റെ ശരീരത്തിൽ ജീവിക്കുന്നതിന്റെ യാഥാർഥ്യമാണ്

**II. നിത്യജീവന്റെ കൂട്ടായ്മ എന്നത് ആത്മാവിന്റെ ഒരുമയിൽ ക്രിസ്തുവിന്റെ ശരീരത്തിൽ ജീവിക്കുന്നതിന്റെ യാഥാർഥ്യമാണ്**

- ദിവ്യാത്മാവായ പരിശുദ്ധാത്മാവിനാൽ നാം ദിവ്യ കൂട്ടായ്മയുടെ ലംബമായ വശത്തിലേക്ക് പ്രവേശിക്കുന്നു; ഈ വശം ത്രിയേക ദൈവത്തെ നാം സ്നേഹിക്കുന്നതിൽ അവനുമായി നമുക്കുള്ള കൂട്ടായ്മയാണ്
- മനുഷ്യാത്മാവിലൂടെ നാം ദിവ്യ കൂട്ടായ്മയുടെ തിരശ്ചീന വശത്തിലേക്ക് പ്രവേശിക്കുന്നു; ഈ വശം, അന്യോന്യം സ്നേഹിക്കുന്നതിൽ നമ്മുടെ ആത്മാവിനെ പ്രയോഗിക്കുന്നതിനാലുള്ള നമ്മുടെ പരസ്പര കൂട്ടായ്മയെ സൂചിപ്പിക്കുന്നു
- ഏക ദിവ്യ കൂട്ടായ്മ എന്നത് കൂട്ടിയിണയ്ക്കപ്പെട്ട കൂട്ടായ്മയാണ്—തിരശ്ചീനമായ കൂട്ടായ്മ ലംബമായ കൂട്ടായ്മയുമായി കൂട്ടിയിണയ്ക്കപ്പെട്ടിരിക്കുന്നു
  - ആത്മികമായി ആരോഗ്യമുള്ളവരായിരിക്കാൻ നാം ഈ രണ്ട് വശങ്ങളും നിലനിർത്തണം
- ദിവ്യ കൂട്ടായ്മ ക്രിസ്തീയ ജീവിതത്തിൽ എല്ലാമാണ്
  - കൂട്ടായ്മ അപ്രത്യക്ഷമാകുമ്പോൾ ദൈവവും അപ്രത്യക്ഷമാകുന്നു; ദൈവം കൂട്ടായ്മയായി വരുന്നു
  - ദിവ്യ കൂട്ടായ്മ നമ്മെ ഒരു ശരീരത്തിലേക്ക് സമന്വയിപ്പിക്കുകയും, പാകപ്പെടുത്തുകയും, ക്രമീകരിക്കുകയും, സ്വരചേർച്ചയിലാക്കുകയും, ഇഴുകിച്ചേർക്കുകയും ചെയ്യുന്നു

## ദിവ്യ കൂട്ടായ്മയുടെ ആസ്വാദനത്തിൽ നിലനിൽക്കുവാനുള്ള മാർഗം—പാപയാഗമായും, അകൃത്യയാഗമായും ക്രിസ്തുവിനെ എടുക്കുന്നത്

**III. ദിവ്യ കൂട്ടായ്മയുടെ ആസ്വാദനത്തിൽ നിലനിൽക്കുന്നതിന്, നമ്മുടെ പ്രകൃതത്തിൽ ഉൾവസിക്കുന്ന പാപത്തിനായുള്ള പാപയാഗമായും, നമ്മുടെ പെരുമാറ്റത്തിലുള്ള പാപപ്രവൃത്തികൾക്കായുള്ള അകൃത്യയാഗമായും ക്രിസ്തുവിനെ നാം എടുക്കേണ്ടതുണ്ട്**

- പാപം എന്നത് ആദാമിന്റെ വീഴ്ചയിലൂടെ മനുഷ്യനിലേക്ക് അവനെത്തന്നെ കുത്തിവച്ച സാത്താന്റെ ദുഷ്ട സ്വഭാവമാണ്, അത് ഇപ്പോൾ വീണുപോയ മനുഷ്യനിൽ വസിക്കുകയും പ്രവർത്തിക്കുകയും വേല ചെയ്യുകയും ചെയ്യുന്ന ഒരു പ്രമാണമെന്ന നിലയിൽ അധർമത്തിന്റെ പാപ പ്രകൃതമായിത്തീർന്നിരിക്കുന്നു
- ക്രിസ്തുവിനെ നമ്മുടെ പാപയാഗമായി എടുക്കുക എന്നതിനർഥം നമ്മുടെ പഴയ മനുഷ്യനോട് ഇടപെട്ടു എന്നും, വീണുപോയ മനുഷ്യന്റെ പ്രകൃതത്തിലുള്ള പാപം ശിക്ഷവിധിക്കപ്പെട്ടു എന്നും, പാപം എന്ന നിലയിൽ സാത്താൻ നശിപ്പിക്കപ്പെട്ടു എന്നും, ലോകം ന്യായം വിധിക്കപ്പെടുകയും ലോകത്തിന്റെ അധിപൻ പുറത്താക്കപ്പെടുകയും ചെയ്തു എന്നുമാണ്
- ക്രിസ്തുവിനെ ജീവൻ എന്ന നിലയിൽ നമ്മുടെ ജീവനായി ആസ്വദിച്ചുകൊണ്ട് നമ്മുടെ പാപയാഗമായി നാം ക്രിസ്തുവിൽനിന്ന് പങ്കുകൊള്ളുന്നു
- വെളിച്ചമായ ദൈവത്തോടുള്ള കൂട്ടായ്മയിലൂടെ, നാം പാപികളാണെന്ന് മനസ്സിലാക്കി, ക്രിസ്തുവിനെ നമ്മുടെ പാപയാഗമായും അകൃത്യയാഗമായും എടുക്കുന്നു
  - നാം കർത്താവിനെ എത്രത്തോളം സ്നേഹിക്കയും ആസ്വദിക്കയും ചെയ്യുന്നുവോ അത്രത്തോളം നാം എത്രമാത്രം ദുഷ്ടരാണെന്ന് മനസ്സിലാകും
  - നമുക്ക് പാപപ്രകൃതമുണ്ടെന്ന് മനസ്സിലാക്കുകയും ക്രിസ്തുവിനെ നമ്മുടെ പാപയാഗമായി എടുക്കുകയും ചെയ്യുന്നത് നമ്മിൽത്തന്നെയുള്ള ആത്മവിശ്വാസം ഇല്ലാതാക്കുന്നു
  - നാം നമ്മിൽനിന്ന് ചെയ്യുന്നതെല്ലാം, അത് ദൈവത്തിന്റെ ദൃഷ്ടിയിൽ പാപമാണ്; പാപം എന്നത് സ്വയത്തിനുവേണ്ടിയായിരിക്കുന്നതാണ്.
  - നാം എത്ര ഭയാനകരും, മ്ലേച്ഛരും, അറപ്പുളവാക്കുന്നവരുമാണെന്ന് നമ്മെ കാണിക്കാൻ കർത്താവ് നമ്മുടെ പരാജയങ്ങളെ ഉപയോഗിക്കുന്നു
- ക്രിസ്തുവിനെ അകൃത്യയാഗത്തിന്റെ യാഥാർഥ്യമായി എടുക്കുക എന്നതിനർഥം, ജീവന്റെ കൂട്ടായ്മയിൽ ജീവസഹായമായി അവനെ ആസ്വദിക്കുന്നതിന്, അവനെ വീണ്ടെടുപ്പുകാരനായും, പ്രകാശിക്കുന്നവനായും, വാഴുന്നവനായും അനുഭവമാക്കുക എന്നാണ്
  - ക്രിസ്തുവിനെ നമ്മുടെ അകൃത്യയാഗമായി എടുക്കുന്നതിൽ, നല്ലതും നിർമ്മലവുമായ ഒരു മനസ്സാക്ഷി ഉണ്ടായിരിക്കുന്നതിന് നമ്മുടെ എല്ലാ പാപങ്ങളെയും അശുദ്ധിയെയും കുറിച്ച് നാം സമഗ്രമായി ഏറ്റുപറയണം
  - ദിവ്യ വെളിച്ചത്തിൽ നമ്മുടെ പാപങ്ങളെ ഏറ്റുപറഞ്ഞ് ക്രിസ്തുവിനെ നമ്മുടെ അകൃത്യയാഗമായി എടുക്കുന്നതാണ് നമുക്ക് ജീവജലമായി ക്രിസ്തുവിനെ കുടിക്കുവാനുള്ള മാർഗം
  - ക്രിസ്തുവിനെ നമ്മുടെ അകൃത്യയാഗമായി എടുക്കുന്നത് ദൈവത്തെ ഭയപ്പെടുന്നതിലും ദൈവത്തെ സ്നേഹിക്കുന്നതിലും പരിണമിക്കുന്നു

## ദിവ്യ കൂട്ടായ്മയിൽ നാം ക്രിസ്തുവിനെ ആസ്വദിക്കുന്നതിന്റെ ഫലം

**IV. ദിവ്യ കൂട്ടായ്മയിൽ നാം ക്രിസ്തുവിനെ ആസ്വദിക്കുമ്പോൾ, നമ്മുടെ ആത്മിക ജീവിതത്തിൽ നാല് നിർണായക കാര്യങ്ങളുടെ ഒരു ചക്രം നാം തുടർച്ചയായി അനുഭവമാക്കുന്നു—നിത്യജീവൻ, നിത്യജീവന്റെ കൂട്ടായ്മ, ദിവ്യവെളിച്ചം, ദൈവപുത്രനായ യേശുവിന്റെ രക്തം; അങ്ങനെയുള്ള ചക്രം പൂർണവളർച്ച പ്രാപിച്ച മനുഷ്യനിലേക്ക്, ക്രിസ്തുവിന്റെ നിറവിന്റെ വലിപ്പത്തിന്റെ അളവിലേക്ക് നാം സംഘാതമായി എത്തുവാൻ ജീവന്റെ പക്വതയിൽ എത്തിച്ചേരുവോളം ദിവ്യ ജീവന്റെ വളർച്ചയിൽ നമ്മെ മുന്നോട്ട് കൊണ്ടുപോകുന്നു**